
**Volume 07**
**Issue 18**
25 September, 2016

Eliyasleeva moosakalam VI

**Deut 9:13-24**
**Is 26:1-19**
**Phil 4:4-9**
**Mt 15:21-28**




# കാനാൻകാരിയുടെ വിശ്വാസം



Rev Bro
Jinil
Vadakkemuriyil

മനുഷ്യഹൃദയം അലിയുന്നതും സ്നേഹത്തിന്റെ മൂല്യം അറിയാവുന്ന മനുഷ്യമക്കളെ കണ്ണീരിൽ വാർത്ത ഒരു സംഭവം ഒന്നു രണ്ടു മാസങ്ങൾക്കു മുമ്പ് സോഷ്യൽ മീഡിയായിൽ കാണാനിടയായി. നിറഞ്ഞു കിടക്കുന്ന മാലിന്യ കൂമ്പാരത്തിൽ നിന്ന് ഒരു തെരുവു നായ ജീവനുള്ള ഒരു ശിശുവിന്റെ ശരീരവുമായി പോകുന്നതും പിന്നീടത് അടുത്തു കണ്ട വീടിന്റെ പടിപ്പുരയിലിട്ടിട്ട് ആ നായ കടന്നു പോകുന്നു. വർഷങ്ങൾക്കു ശേഷമുള്ള ആ ബാലന്റെ ചിത്രവും. മനുഷ്യജീവിതത്തിന് ഒരല്പം പോലും വിലകൽപ്പിക്കാത്ത ഇന്നത്തെ സമൂഹത്തിൽ തീവ്രവാദി സംഘടനകൾ ചെയ്തു കൂട്ടുന്ന മാരകമായ കൊലപാതകങ്ങളുടെ വീഡിയോകൾ നാം കണ്ടിട്ടുണ്ട്. കൊച്ചു കുട്ടികൾ തുടങ്ങി പ്രായമായ സ്ത്രികൾ വരെ ഇത്തരത്തിൽ മാരകമായ ഹീനകൃത്യങ്ങൾക്കുതകുമ്പോൾ ജാതിമതഭേതമന്യ ഒരു ജാതി ഒരു മതം ഒരു ദൈവം എന്ന ശ്രീ നാരായണ ഗുരുവിന്റെ വാക്കുകൾ പോലും കാറ്റിൽ പറത്തി മനുഷ്യൻ നടക്കുമ്പോൾ മനുഷ്യത്തിനു വിലകൽപ്പിക്കുന്ന യേശുവിനെയാണ് സഭാ മാതാവ് ഇന്ന് നമുക്ക് വിചിന്തനത്തിനായി നൽകുന്നത്.

യഹൂദർ വസിച്ചിരുന്ന പാലസ്തീനായിലെ ആദിനിവാസികളായിരുന്നു കാനാൻകാർ. കാനാൻകാരും യഹൂദരും തമ്മിലുള്ളവിദ്വേഷം യേശുവിന്റെ കാലത്തിനു മുമ്പേ ഉടലെടുത്തിരുന്നു. ഈജിപ്ത്തിന്റെ അടിമത്വത്തിൽ നിന്ന് മോചനം നേടി കാനാൻ ദേശത്ത് എത്തി ചേർന്ന യഹൂദർ അവിടുത്തെ പൂർവ്വ നിവാസികളിൽ ചിലരായ ജെബൂസർ, എദോമ്യേയർ എന്നിവരെ തങ്ങളുടെ അടിമകളാക്കി. ഇവരെയാണ് യഹൂദർ പിന്നീട് കാനാന്യർ എന്നു വിളിക്കുന്നത്. കാനാന്യരെ അടിമകളാക്കിയ യഹൂദർ പിന്നിട് വിശുദ്ധ ഗ്രന്ഥത്തിൽ നിന്നു തന്നെ ന്യായീകരണവും കണ്ടെത്തി. ജലപ്രളയ കാലത്തു ജീവിച്ചിരുന്ന നോഹിന്റെ പുത്രന്മാരിൽ ഒരുവനായ ഹാം ഒരിക്കൽ നോഹ് വീഞ്ഞു കുടിച്ച് മത്തനായി നഗ്നായി കിടക്കുന്നത് ഹാം കാണാനിടയായി. ഹാം അത് സഹോദരങ്ങളെ വിളിച്ചു കാണിച്ചു. ബോധം തെളിഞ്ഞ നോഹ ഇതറിഞ്ഞപ്പോൾ കാനാൻ ശപിക്കപ്പെടട്ടേ എന്നും അവൻ തന്റെ സഹോദരന്മാർക്കു ഹീനമായ ദാസ്യ വേല ചെയ്യുന്നവനുമായി തീരുമെന്ന് ശപിച്ചു. ഈ ഹാമിന്റെ പുത്രനാണ് കാനാൻ. ഈ കാനാന്റെ സന്തതികളാണ് കാനാൻ കാരെന്നും അതിനാൽ അവർ അടിമകളായിരിക്കുന്നതിൽ തെറ്റില്ല എന്നുമാണ് യഹൂദർ വാദിച്ചത്. കാനാൻ കാരെ യഹൂദർ അതി നിന്ദ്യമായിട്ടാണ് കണ്ടത്, അതിനാലാണ് നായിക്കൾ എന്നു വിളിച്ച് അവരെ ആക്ഷേപിക്കുന്നത്. ഇതേ വാക്കാണ് യേശു കാനാൻകാരി സ്ത്രിയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നത്. ഇന്നത്തെ വചനത്തിലൂടെ കടന്നുപോകുമ്പോൾ നമ്മുക്കുണ്ടാകുന്ന ഒരു സംശയമാണ് യേശു പറയുന്ന

വാക്ക് അതായത് ഞാൻ ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേയ്ക്കാണ് അയക്കപ്പെട്ടിരിക്കുന്നത്. കൂടാതെ കാനാൻ കാരി സ്ത്രിക്കു മുൻപിൽ ഒരു യാഥാസ്തിതിക യഹൂദന്റെ മുഖം മൂടി അണിയുന്ന യേശു.

ഇസ്രയേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകൾ അതായത് ദൈവത്താൽ തിരഞ്ഞെടുത്ത് ദൈവം പരിഹരിച്ച് സംരക്ഷിച്ച ഒരു  സമൂഹം ദൈവസ്നേഹം അനുഭവിച്ച ഒരു സമൂഹം എന്നവർ തിരസ്ക്കരിച്ചു. ദൈവിക ചൈതന്യം വിട്ടവർ പാപത്തിനടിമകളായി. ദൈവ പുത്രസ്ഥാനം നഷ്ടമാക്കി. ഈ തിരസ്ക്കരണം വിജാതിയരുടെ ഇടയിലേയ്ക്കു കടന്നു ചെല്ലാൻ അതുവഴി നന്മയുടെ പാതയിലേയ്ക്കു അവരെ നയിക്കാനാണ് പിതാവായ ദൈവം തന്നെ ഭൂമിയിലേയ്ക്ക് അയച്ചത്  എന്ന് യേശു വ്യക്തമാക്കുന്നു. ദൈവത്തിൽ നിന്നകന്ന് തിന്മയുടെ മാർഗ്ഗത്തിൽ നാം ചരിക്കുമ്പോൾ ഓർക്കുക നഷ്ടപ്പെട്ട ആടുകളെ ഓർത്തു തേങ്ങുന്ന ഒരു നാഥനുണ്ട്. എനിക്കായ് രക്തം ചിന്തിയ ഒരു നാഥനുണ്ട്. ആ വിശ്വാസം ദൈവസ്നേഹത്തിൽ വർത്തിക്കുവാൻ നമുക്കു ശക്തി തരും. രണ്ടാമതായി കാനാൻ കാരി സ്ത്രിയ്ക്കു മുൻപിൽ ഒരു യാഥാസ്ഥിതിക യഹൂദന്റെ മുഖം മൂടി അണിയുന്ന യേശുവിന് ഒരു ലക്ഷ്യങ്ങളുണ്ടായിരുന്നു. തന്റെ മുൻപിൽ നിൽക്കുന്ന വിജാതിയയായ ആ സ്ത്രിയിലെ വിശ്വാസം മൂന്നു വർഷം തനിക്കൊപ്പം ജീവിച്ച അപ്പസ്തോലന്മാരെക്കാൾ വലുതായിരുന്നു എന്ന് അവർക്കു വ്യക്തമാക്കി കൊടുക്കുവാൻ. ഓരോ ബലിയിലൂടെയും എന്നിലേയ്ക്ക് എഴുന്നള്ളി വരുന്ന നാഥനു മുൻപിൽ ഓരോ സക്രാരിയായി മാറേണ്ട എന്റെ ജീവിതം ചെറുപ്പം മുതൽ കേട്ട കഥകളും അനുഭവിച്ച സ്നേഹവും ഒരു പക്ഷെ നമ്മെ ആ സ്നേഹത്തോട് ചേർത്തു നിർത്തുനില്ലായിരിക്കാം. ജീവിതത്തിൽ ബുദ്ധിമുട്ടുകൾ അനുഭവിക്കുമ്പോൾ ചെറിയ പരീക്ഷണങ്ങൾ അവിടുന്ന് നൽകുമ്പോൾ അവിടുത്തേ പിന്നാലെ വന്ന് നിലവിളിക്കാൻ സൗഖ്യമായി കടന്നു പോകുന്ന നാഥനു മുൻപിൽ എളിമപ്പെടാൻ സാധിച്ചാൽ കാനാകാരി സ്ത്രിക്കുണ്ടായിരുന്ന വിശ്വാസം എനിക്കും ഉണ്ട് എന്ന് നമുക്കു പറയാനാകും യേശുവിനൊടോപ്പം മൂന്നു വർഷക്കാലം ജീവിച്ച അപ്പസ്തോലന്മാർ പോലും യേശുവിനെ ഒരു ദൈവിക മനുഷ്യനായി കാണാതിരുന്ന അവസരത്തിൽ യേശുവിനെക്കുറിച്ച് കേട്ടറിവു മാത്രമുള്ള ഒരു കാനാൻ കാരി സ്ത്രി യേശുവിനെ ദൈവിക മനുഷ്യനായി ഏറ്റു പറയുന്നതെന്നും ആ ദൈവിക മനുഷ്യന്റെ കൃപ തന്റെ പുത്രിയുടെ മേൽ പതിഞ്ഞാൽ അവൾ സുഖപ്പെടുമെന്നും ദൃഢമായി വിശ്വസിക്കുന്നതെന്നും ഓർക്കുമ്പോൾ അവളുടെ വിശ്വാസത്തിന്റെ വലുപ്പം എത്ര വലുതാണെന്നും മനുക്കു മനസ്സിലാക്കാൻ സാധിക്കും.

യേശു വിശ്വാസത്തെ പ്രതി അഭിനന്ദിക്കുന്ന മൂന്നു പേരെ സുവിശേഷത്തിൽ നമുക്കു കാണാൻ സാധിക്കും അങ്ങ് ഒരു വാക്കു അരുളിയാൽ മാത്രം മതി എന്റെ ഭൃത്യൻ സുഖമാക്കപ്പെടും എന്നു പറയുന്ന ശതാന്തിപൻ. നിന്റെ കൃപ മതി എന്റെ പുത്രിസുഖമാക്കപ്പെടും എന്നു പറയുന്ന കാനാൻകാരി സ്ത്രി, നിന്റെ വസ്ത്രത്തിൽ ഒന്നു തൊട്ടാൽ മതി ഞാൻ സൗഖ്യമുള്ളവളാകും എന്ന് വിശ്വസിച്ച രക്തസ്രാവക്കാരി.

ഇതാണ് യഥാർത്ഥ വിശ്വാസം. നാം മനസ്സിൽ കരുതാത്തവർ നമ്മെ അവഹേളിച്ചു വിടുന്നവർ. ഇവരിലൂടെയാണ് ഇവരുടെ പ്രവർത്തികളിലൂടെയാണ് യഥാർത്ഥ വിശ്വാസത്തിന്റെ വാതിൽ നാഥൻ നമുക്കു തുറന്നു തരുന്നത്. ഒരു പക്ഷെ ഇവരുടെ പ്രവർത്തികളാണ് നമ്മെ വിശ്വാസത്തിലേയ്ക്കു കൈപിടിച്ചു നടത്തുന്നത്. അതിനാൽ നമുക്കു പ്രാർത്ഥിക്കാം. എളിമയുള്ള ഹൃദയത്തോടും കരുണയുള്ള മനസോടും സത്യത്തിനു സാക്ഷ്യം നൽകുന്ന വിശ്വാസത്തെ മുറുകെ പിടിക്കുന്ന യഥാർത്ഥ ക്രൈസ്തവനാകാൻ ദൈവത്തിനും ദൈവജനത്തിനും പ്രിയപ്പെട്ടവനാകാൻ അതുവഴി ദൈവരാജ്യം ഭൂമിയിൽ സമാഗതമാകുവാൻ എന്നെ അനുഗ്രഹിക്കണമേ എന്ന് നമുക്കു പ്രാർത്ഥിക്കാം. നിത്യം പിതാവിനും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും. ആമ്മേൻ.